115 (1222) ഭൂവുടമകളിൽനിന്നും അംശദായം പിരിച്ചെടുക്കുവാനുള്ള നടപടി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ഭൂവുടമകളിൽനിന്നും അംശദായം പിരിച്ചെടുക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് കാലയളവ് മുതലുള്ള അംശദായമാണ് പിരിക്കുന്നത്;

(സി) ഈ ഇനത്തിൽ എത്ര തുക പിരിച്ചെടുത്തു എന്ന് ജില്ലതിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ഡി) ഭൂവുടമാവിഹിതം പിരിച്ചെടുക്കുന്നതിൽ കാലതാമസം ഉണ്ടായതിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ബോർഡ് നേരിട്ടാണോ വകുപ്പുകൾ മുഖേനയാണോ തുക പിരിച്ചെടുക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1990 മുതലുള്ളത്.

(സി) ഭൂവുടമാവിഹിതമായി 1999 മാർച്ച് 31 വരെ 2,75,20,010 രൂപ ബോർഡിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ഭൂവുടമാവിഹിതം പിരിച്ചെടുക്കുന്നതിന്റെ സ്റ്റേറ്റ്മെന്റുകൾ വില്ലേജാഫീസർമാരിൽനിന്നോ തഹസീൽദാർമാരിൽനിന്നോ ലഭിക്കാത്തതിനാൽ ജില്ലതിരിച്ചുള്ള പട്ടിക ലഭ്യമല്ല.

(ഡി) ഭൂവുടമാവിഹിതം പിരിച്ചെടുക്കുന്നത് റവന്യൂ വകുപ്പുമുഖേനയാണ്. വില്ലേജാഫീസർമാർ പ്രസ്തുത ജോലി ഏറ്റെടുക്കാൻ ആദ്യം വിമുഖത കാട്ടിയതുമൂലമാണ് ഭൂവുടമാവിഹിതം പിരിച്ചെടുക്കാൻ കാലതാമസം ഉണ്ടായത്.

(ഇ) റവന്യൂ വകുപ്പു മുഖേനയാണ് ഭൂവുടമാ വിഹിതം പിരിക്കുന്നത്.

116 (1223) ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് സൊസൈറ്റി

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് സൊസൈറ്റി സർക്കാരിനു നൽകിയ വിവിധ ആവശ്യങ്ങളടങ്ങിയ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുതലങ്ങളിൽ നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതികളിലും, മരാമത്തു പണികളിലും ലേബർ കോൺട്രാക്ടുകളിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

സൊസൈറ്റിയെ മുൻഗണനയോടെ ഉൾപ്പെടുത്തുവാൻ സർക്കാർ നടപടി എടുക്കുമോ;

(സി) പ്രവർത്തനരഹിതമായി കിടക്കുന്ന കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തൊഴിലാളികൾക്ക് പ്രയോജനപ്പെടത്തക്കരീതിയിൽ എത്രയും വേഗം പ്രവർത്തനക്ഷമമാക്കുവാൻ സർക്കാർ നടപടി എടുക്കുമോ;

(ഡി) ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്കുവേണ്ടി തൊഴിൽ സർട്ടിഫിക്കറ്റ് നൽകുവാൻ കേരളാ ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് സൊസൈറ്റിക്ക് അധികാരം നൽകുമോ?

ഉത്തരം

(എ) സർക്കാരിന് പ്രസ്തുത നിവേദനം ലഭിച്ചതായി കാണുന്നില്ല.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കേരളാ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഇപ്പോൾ പ്രവർത്തനരഹിതമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആർട്ടിസാൻമാരുടെ ഉന്നമനത്തിനായി വിവിധ ക്ഷേമ പദ്ധതികൾക്ക് രൂപം നൽകുകയും ആയതിലേയ്ക്കായി 177.81 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി. കൂടാതെ ആർട്ടിസാൻസ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി കേരളത്തിലുടനീളം വിപണന മേളകളും സംഘടിപ്പിച്ചുവരുന്നു.

(ഡി) ഇപ്പോൾ കേരളാ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം തൊഴിൽ സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്. കേരളാ ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് സൊസൈറ്റിയിൽനിന്നും ഇതിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

117 (1225) ഐ.ടി.ഐ.യിലെ സീറ്റുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വർഷത്തിൽ സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ. കളിൽ മുൻ വർഷത്തേക്കാൾ കൂടുതൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമാണെന്നും ഓരോന്നിലും എത്ര സീറ്റുകളുണ്ടെന്നും തരംതിരിച്ച് വിശദമാക്കുമോ;

(സി) ഈ കാലയളവിൽ സ്വകാര്യ ഐ.ടി.ഐ.കളിൽ കൂടുതൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രീ-ഡിഗ്രി വേർപെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് കൂടുതൽ ബുദ്ധിമുട്ടൊഴുവാക്കുവാൻ ഈ അദ്ധ്യയനവർഷത്തിൽ കൂടുതൽ ഐ.ടി.ഐ. ബാച്ചുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly